# ഇന്ത്യ തിളങ്ങുകയോ അതോ ഇരുളുകയോ?

**തോമസ് ഫിലിപ്പ് പാറക്കമണ്ണിൽ റാന്നി**

**പാ**ശ്ചാത്യ ടൂറിസ്റ്റുകളെപ്പോലെ ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചുകൊണ്ട് സ്വയം സമർത്ഥനും പ്രസിദ്ധനും ചമഞ്ഞ് നടക്കുന്ന നരേന്ദ്രമോദി എന്ന കുതന്ത്രനായ ഈ ഇന്ത്യൻ പ്രധാനമന്ത്രിയെയും ബി.ജെ.പിയെയും 2019-ലെ പൊതു തിരഞ്ഞെടുപ്പിൽ ഇന്ത്യയിലെ ജനങ്ങൾ അതിദയനീയമായി പരാജയപ്പെടുത്തി പ്രതിപക്ഷത്ത് ഇരുത്തും എന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. അടുത്ത ലോകസഭാ തെരഞ്ഞെടുപ്പിൽ 160 സീറ്റിൽ കൂടുതൽ ബി.ജെ.പിക്ക് കിട്ടുകയില്ലെന്നാണ് എന്റെ പക്ഷം. അതുവരെയുള്ള പരാക്രമവും തിളക്കവുമേ മോദിക്കുള്ളൂ. “മേരാ പ്യാരേ ദേശവാസിയോ” എന്ന് മധുരഭാഷയിൽ വിളിച്ചുംകൊണ്ടും നിരവധി മോഹനവാഗ്ദാനങ്ങൾ ഇന്ത്യൻ ജനതയുടെ മുമ്പിൽ വിളമ്പിക്കൊണ്ടും ഇന്ത്യയിലെ ബഹുഭൂരിപക്ഷം ഹൈന്ദവരുടെ മതവർഗ്ഗീയ വികാരങ്ങളെ ഇളക്കി ചൂഷണം ചെയ്തു 186 സീറ്റുകൾ കരസ്ഥമാക്കി ചെയ്യാവുന്നിടത്തോളം വർഗ്ഗീയകൊലപാതകങ്ങളും ഹിന്ദുജന പ്രീണനങ്ങളും മാത്രം നടത്തി ‘ഇന്ത്യ തിളങ്ങുന്നു, വിളങ്ങുന്നു’ എന്ന് വിളംബരം ചെയ്തുകൊണ്ട് ലോക രാഷ്ട്രങ്ങൾ മുഴുവൻ ചുറ്റിക്കൊണ്ടിരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇതഃപര്യന്തം ഇന്ത്യയിലെ ജനങ്ങൾക്ക് ചെയ്തിട്ടുള്ള നന്മകൾ എന്ത് എന്നുകൂടി അറിയേണ്ടതല്ലേ?

ജനങ്ങളുടെ ദുരിതങ്ങളും ദുഃഖങ്ങളും ജീവിതപ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഉദ്യമിക്കാതെയും ശ്രദ്ധിക്കാതെയും സൂക്തങ്ങളും സുഭാഷിതങ്ങളും പ്രസംഗിച്ച് നടക്കുന്ന മോദിയെപ്പോലുള്ള ഒരു ഭരണാധികാരിയിൽ നിന്നും ജനങ്ങൾക്ക് യാതൊരു നന്മയും ഉണ്ടാകാൻ പോകുന്നില്ലെന്ന് ഇന്ത്യയിലെ നിരക്ഷരകക്ഷികൾക്കുപോലും ഇന്നറിയാം. പരസ്യങ്ങൾക്കും തിരഞ്ഞെടുപ്പ് അഴിമതികൾക്കും അനാവശ്യമായ വിദേശയാത്രകൾക്കുമായി പ്രധാനമന്ത്രി ഇന്ന് ചിലവഴിച്ചുകൊണ്ടിരിക്കുന്ന അനേകായിരം കോടികൾ ഇന്ത്യയിലെ ദരിദ്രരായ എത്രയോ ആയിരം കുടുംബങ്ങളുടെ ഇല്ലായ്മകളെയും കഷ്ടതകളെയും ഇല്ലാതാക്കാൻ സഹായകമായി തീർന്നേനേം. പാവങ്ങളെ സഹായിപ്പാൻ ബിജെപിക്ക് പണമില്ല. കർണ്ണാടകയിൽ ബിജെപി ഗവർണമെന്റ് ഉണ്ടാക്കുവാൻ കോൺഗ്രസ് എം.എൽ.എ.മാർക്ക് 100 മുതൽ 200 കോടി രൂപാ വരെ ബിജെപി വാഗ്ദാനം ചെയ്ത ന്യൂസ് പുറത്താകുകയും ചെയ്തു. സംശുദ്ധമായ അഴിമതി രഹിത ഭരണം!

നരേന്ദ്രമോദി സർക്കാരിന്റെ ഭരണത്തെ നിഷ്പക്ഷമായും സത്യസന്ധമായും ഒന്ന് വിലയിരുത്തിയാൽ ബിജെപി ഒരു മതേതര പാർട്ടിയെന്നോ ഒരു ജനാധിപത്യ പാർട്ടിയാകുന്നു എന്നോ ധാർമ്മികമൂല്യങ്ങളെ മാനിക്കുന്ന ഒരു പാർട്ടിയാകുന്നു എന്നോ പറയുവാൻ ആർക്ക് എങ്ങനെ കഴിയും? വെറും ഹിന്ദുമതവർഗ്ഗീയ വികാരങ്ങളെ ഉണർത്തി ഭൂരിപക്ഷം സീറ്റുകൾ കരസ്ഥമാക്കി അധികാരത്തിലേറിയ ഇന്ത്യയിലേയും ലോകത്തിലെയും ഏക രാഷ്ട്രീയപാർട്ടി ബിജെപി ആകുന്നു എന്ന് പറഞ്ഞാൽ ആർക്കും നിഷേധിക്കാനാവാത്ത ഒരു സത്യം മാത്രമായിരിക്കും അത്. മറ്റൊരു രാഷ്ട്രീയപാർട്ടിയും ചെയ്യാത്ത വിധത്തിൽ രാജ്യത്ത് ഇവർ വലിയ വർഗ്ഗീയവിദ്വേഷവും ശത്രുതയും വളർത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ജനിക്കുന്നവരെല്ലാം ഹിന്ദുക്കളാണെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭഗവത് പറയുന്നു. ഇതനുസരിച്ച് ചിന്തിച്ചാൽ അമേരിക്കയിലും ഇംഗ്ലണ്ടിലും ജർമ്മനിയിലുമൊക്കെ ജനിക്കുന്ന ഹിന്ദു മാതാപിതാക്കളുടെ മക്കൾ ക്രിസ്ത്യാനികളായിരിക്കണമല്ലോ. എന്നാൽ ക്രിസ്തീയ നേതാക്കന്മാർക്കൊന്നും ഈ ദൃശ്യമായ മത ഭ്രാന്ത് ഇല്ലെന്നുള്ള സത്യം മോദി പാർട്ടിയും ആർഎസ്എസുകാരും മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചു പോയിരിക്കുന്നു.

ആർഷഭാരതത്തിന്റെ സംസ്ക്കാരവും അതിന്റെ ഉൽകൃഷ്ടമായ സന്ദേശവും സത്യം വദാഃ ധർമ്മം ചരാ എന്നുള്ളതു തന്നെയല്ലേ? സീത, ഗാന്ധാരി, ഊർമ്മിള, സത്യവതി തുടങ്ങിയ പുരാണവനിതാ രത്നങ്ങളെ വാനോളം വാഴ്ത്തിക്കൊണ്ടും ഹൈന്ദവവേദങ്ങളെയും ഉപനിഷത്തുകളെയും മനുസ്മൃതികളെയുമൊക്കെ മാനിച്ചുകൊണ്ടും ഈശ്വരഭക്തരെന്നഭിമാനിച്ചുകൊണ്ടു ഇന്ത്യയെ ഭരിക്കുന്ന ബിജെപിയും പ്രധാനമന്ത്രി നരേന്ദ്രമോദിയും, ബിജെപിയുടെ മുഖ്യമന്ത്രിമാരും ഇതര ബിജെപി നേതാക്കന്മാരും കൂടി രാജ്യത്ത് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന അനീതിയും അഴിമതിയും അധർമ്മങ്ങളും അക്രമങ്ങലും സ്വജനപക്ഷപാതവും എത്രയോ ഭയാനകമായിരിക്കുന്നു? ആരെയും ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ള ബലാൽക്കാരകൊലകളും സ്ത്രീപീഡനങ്ങളും പശുവിന്റെയും ജാതിയുടെയും പേരിലുള്ള നരഹത്യകൾ കൊണ്ടും നരേന്ദ്രമോദി സർക്കാർ രാജ്യാന്തര പ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞു. അതിനീചമായ ഈ വർഗ്ഗീയക്കൊലകൾക്ക് എതിരായി മോദി മൗനം ഭജിക്കുകയും ചെയ്യുന്നു! ന്യൂയോർക്ക് ടൈംസ് പോലും മനുഷ്യത്വരഹിതമായ ഇന്ത്യയിലെ വർഗ്ഗീയകൊലകളെ അപലപിക്കുകയുണ്ടായി. ഇതാണോ സനാതന സത്യതത്വങ്ങളും ഹിന്ദുത്വവുമൊക്കെ?

ജാതിമത വർഗ്ഗീയവികാരങ്ങൾക്ക് ഇത്രയധികം പ്രാധാന്യം നൽകി പൊതുജനങ്ങളെയും മറ്റുപലവിധത്തിൽ പ്രവാസി ഇന്ത്യാക്കാരെയും ദ്രോഹിച്ച മറ്റൊരു പ്രധാനമന്ത്രിയും ഇന്ത്യയിലുണ്ടായിട്ടില്ലെന്നുള്ള ദുഃഖസത്യം ചരിത്രം രേഖപ്പെടുത്തുകയും ചെയ്യും. വിദേശ ഇന്ത്യക്കാർക്ക് എത്ര നഷ്ടങ്ങളും കഷ്ടങ്ങളുമാണ് വിവേകഹീനനായ മോദി വരുത്തിയിട്ടുള്ളതെന്ന് അദ്ദേഹം ഇനിയും മനസ്സിലാക്കിയിട്ടുമില്ല. എന്നാൽ ഒരു സത്യം നാം പ്രത്യേകം ശ്രദ്ധിക്കണം. ഇന്ത്യയുടെ ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിൽ ചീഫ് ജസ്റ്റീസിനു കീഴിലുള്ള 4 സുപ്രീം കോടതി ജഡ്ജിമാർ ഒരു പത്രസമ്മേളനം നടത്തി ജനാധിപത്യം അപകടത്തിലാണെന്ന് പ്രസ്താവിക്കയുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യാ മഹാരാജ്യത്തിന് ഈ പറഞ്ഞത് ഭൂഷണമോ നേട്ടമോ കോട്ടമോ?

ഇന്ത്യൻ പ്രധാനമന്ത്രിയായി ശോഭിച്ചിരുന്ന ശ്രീ ലാൽ ബഹദൂർ ശാസ്ത്രിയും പരിണിതപ്രജ്ഞരും വിവേകബുദ്ധികളും വിശാലഹൃദയരുമായിരുന്ന മൊറാർജി ദേശായി, വി.പി. സിംഗ്, വാജ്പേയി, രാജീവ്ഗാന്ധി, മൻമോഹൻസിംഗ് മുതലായവർ ഇന്ത്യൻ പ്രധാനമന്ത്രിമാരായി ഇരുന്നിട്ടുള്ള കസേരയിൽ ഇരിക്കാനുള്ള യോഗ്യത ഉണ്ടായിട്ടായിരുന്നോ നരേന്ദ്രമോദി ഇന്ത്യൻ പ്രധാനമന്ത്രിയായി അവരോധിക്കപ്പെടാനിടയായത്? അല്ലേ അല്ല. പിന്നെന്തായിരുന്നു മോദിയുടെ കയ്യിലുണ്ടായിരുന്ന ആ തുറുപ്പു ചീട്ട്?

ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിൽ മറ്റൊരു പ്രധാനമന്ത്രി സ്ഥാനാർത്ഥിയും ജനങ്ങൾക്ക് നൽകിയിട്ടില്ലാത്ത മനോനന്ദനീയമായ മധുരമനോഹര വാഗ്ദാനങ്ങളായിരുന്നു അതികൗശലക്കാരനായ നരേന്ദ്രമോദി ഇന്ത്യയിലെ ജനങ്ങൾക്ക് വാഗ്ദാനം ചെയ്തത്. ഇത്ര വലിയ ഒരു തട്ടിപ്പ് വാഗ്ദാനം ഒരു രാഷ്ട്രീയനേതാവും ഇന്ത്യയിൽ നടത്തിയിട്ടില്ലെന്നുള്ളതാണ് സത്യം. വിസ്താരഭയത്താൽ ചുരുക്കമായിട്ട് മോദിജി ‘തന്റെ പ്യാരാ ദേശവാസി’കൾക്ക് നൽകിയ ആ വാഗ്ദാനങ്ങളെപ്പറ്റിയും ജനങ്ങൾക്കുണ്ടായ അനന്തരാനുഭവങ്ങളെക്കുറിച്ചും ഒന്ന് വിചിന്തനം ചെയ്യാം.

2014-ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ അഴിമതിരഹിതഭരണവും, ബേട്ടി ബച്ചാവോയും ഇന്ത്യയിലെ പാവങ്ങൾക്ക് 15 ലക്ഷം രൂപാ വെച്ച് കൊടുക്കുമെന്നും, കർഷകരുടെ കടം എഴുതിത്തള്ളുമെന്നു, വിലക്കയറ്റം തടയുമെന്നും ഓരോ വർഷവും ഒരു കോടി യുവാക്കൾക്ക് തൊഴിൽ നൽകും. അയോദ്ധ്യായിൽ രാമക്ഷേത്രം പണിയും. എല്ലാവർക്കും ‘അച്ചാ ദിൻ’ വരും എന്നിങ്ങനെ വാഗ്ദാനങ്ങൾ മോദി തട്ടിവിട്ടു! അങ്ങനെ എല്ലാ ജീവിതരംഗങ്ങളിലും ഇന്ത്യയിലെ സാധാ

രണക്കാർ മോദിയുടെ ഈ 'അച്ചാ ദിൻ' അനുഭവിച്ചറിയുകയാണ് ഇന്ന്! 2016-ൽ തന്നെ ഒരു ലക്ഷത്തിലധികം കർഷകർ ഇന്ത്യയിൽ കടക്കെണിയിൽ പെട്ട് തകർന്ന് നശിച്ചുപോയി. ജാതിയുടെ പേരിൽ കാശ്മീരിൽ ഒരു ചറിയ ബാലിക ബലാൽസംഗം ചെയ്ത് കൊല്ലപ്പെട്ടു. അവിടെ പ്രതിക്ക് പിന്തുണയുമായി സ്ത്രീകളടക്കം ആയിരക്കണക്കിനാളുകൾ എത്തിയതായി വാർത്ത വായിച്ചു. പശുവിന്റെയും മതത്തിന്റെയും പേരിൽ നിരവധി മുസ്ലീംങ്ങൾ ആക്രമിച്ച് കൊല്ലപ്പെട്ടു! നാം ലോകത്തിന്റെ മുമ്പിൽ ഉത്ഘോഷിക്കുന്നതോ 'ലോകാഃ സമസ്താ സുഖിനോ ഭവന്തു' എന്നുമാണല്ലോ. ലോകം വളരെയധികം പുരോഗതി പ്രാപിച്ച ഈ ഇന്റർനെറ്റ് യുഗത്തിൽ, ഇന്ത്യാ മഹാരാജ്യത്തിലെ അനേകം കോടി ജനങ്ങൾക്ക് കുടിവെള്ളമോ പ്രാഥമികാവശ്യങ്ങൾ പോലും നിർവ്വഹിക്കാനുള്ള സൗകര്യങ്ങളോ അവരുടെ വീടുകളിൽ ഇല്ല! ലോക നിലവാരം പുലർത്തുന്ന ഒരു വിമാന സർവ്വീസു പോലും ഇന്ത്യയ്ക്ക് ഇല്ല! എയർഇന്ത്യയിൽ വിശ്വസിച്ച് സമയത്ത് ആർക്കും യാത്ര ചെയ്യാനും സാധ്യമല്ലെന്ന് വന്നിരിക്കുന്നു. എയർ ഇന്ത്യ ഇന്ന് 50000 കോടി കടത്തിലുമാണെന്നറിയുന്നു. ഇന്ത്യയുടെയും ഇന്ത്യാക്കാരുടെയും യഥാർത്ഥ അവസ്ഥ ഇതാണെന്നിരിക്കേ, ഇന്ത്യാ ഗവൺമെന്റിന്റെ ധനം ധൂർത്തടിച്ചുകൊണ്ട് മറ്റേതൊരു ഇന്ത്യൻ പ്രധാനമന്ത്രിയേക്കാളധികം സമയം പ്ലെയിനിൽ ലോകം മുഴുവൻ ചുറ്റിക്കറങ്ങിക്കൊണ്ട് സ്വയം മഹാത്മാവ് നടിച്ചുകൊണ്ട് യാതൊരുളുപ്പും ലജ്ജയും കൂടാതെ നരേന്ദ്രമോദി ലോകത്തെ അറിയിക്കുന്നത് 'ഇന്ത്യ തിളങ്ങുകയാണെ'ന്നാണ്. തന്റെ പ്യാരാ ദേശവാസികൾക്ക് ആശ്വാസമേകുന്ന എന്തെങ്കിലും രണ്ട് നന്മകൾ ചെയ്തിട്ടു വേണ്ടേ ഇദ്ദേഹം ഇന്ത്യ തിളങ്ങുന്നു, വിളങ്ങുന്നു എന്ന് അട്ടഹസിക്കുവാൻ. മോദിയുടെ തട്ടിപ്പ് വാഗ്ദാനങ്ങൾക്കും കാപട്യങ്ങൾക്കുമെതിരായിട്ടുള്ള ഉചിതമായ ഒരു മറുപടി 2019-ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യയിലെ ജനങ്ങൾ നൽകാൻ പോകയാണ്! അന്ന് മോദിയുടെ തലയിൽ നിന്നും ആ വലിയ കാവി തലേൽക്കെട്ട് അഴിഞ്ഞുവീഴും! കൂടെ നിന്നവരും സഖ്യകക്ഷികളും ശിവസേന വരെ ഈ മഹാജനസേവകനെ കൈവിട്ടു കഴിഞ്ഞു! ബിജെപിക്കെതിരായിട്ടുള്ള പ്രതിപക്ഷ കക്ഷികളുടെ ഒരു വലിയ ഐക്യനിര ഇന്ത്യയിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കയാണിപ്പോൾ. ജനങ്ങളെ വർഗ്ഗീയമായി സംഘടിപ്പിച്ച് തമ്മിലടിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയും പ്രസ്ഥാനവും ഒരിടത്തും വളരുകയില്ല. ധാർഷ്ട്യവും അഹങ്കാരവും ഏതാതിപത്യ പ്രവണതയും ഈശ്വരനുപോലും അനിഷ്ടമാകുന്നു. 'അഹങ്കാരി ഇടറി വീഴും; ആരും അവനെ എഴുന്നേൽപ്പിക്കയില്ല' എന്നൊരു പ്രവചന സത്യം ബൈബിളിലുണ്ട്. രാഷ്ട്രീയ ജീവിതത്തിൽ നരേന്ദ്രമോദിക്കും 2019-ൽ സംഭവിക്കുവാൻ പോകുന്നതും ഇതുതന്നെയായിരിക്കുമെന്ന് ഞാനിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ജാതിയുടെയും മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ മനുഷ്യനെ വെറുക്കുകയും കൊല്ലുകയും ചെയ്യുന്ന ഒരു പാർട്ടി ഭരിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യ തിളങ്ങുന്നു എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസ്താവിച്ചാൽ സാമാന്യബുദ്ധിയും ധർമ്മബോധവുമുള്ള ഇന്ത്യയിലെ ഒരു ഇന്ത്യാക്കാരൻ എന്ന നിലയിൽ എല്ലാ ജീവിതരംഗങ്ങളിലും ഇന്ത്യ തിളങ്ങിക്കാണാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ നരേന്ദ്രമോദി ഘോഷിക്കുന്നതുപോലെ ഇന്ത്യ തിളങ്ങുകയല്ല, പ്രത്യുത ഇരുളുകയാണ് ഇന്ന്. തന്റെ പ്രിയ മക്കളുടെ ദുഃഖങ്ങളും ദുരിതങ്ങളും കഷ്ടതകളും ദുരന്തങ്ങളും കണ്ണീർ പൊഴിക്കയാണിന്ന്! സർവ്വംസഹയായ ഈ നല്ല മാതാവിന് ജാതിയേക്കാളും മതത്തേക്കാളും ഏറ്റവും വലുതായിട്ടുള്ളത് എല്ലാ മക്കളോടുമുള്ള നിർവ്യാജമായ സ്നേഹമാകുന്നു.

************